## 15

## വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# ബൈബിളിൽ "ബാപ്റ്റൈസ്"

"ബാപ്റ്റൈസ്" എന്ന വാക്ക് നാം പഠിച്ചപ്പോൾ, നമ്മുടെ രക്ഷകൻ ഉപയോഗിച്ച ആ ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തതല്ല എന്നും, എന്നാൽ ലിപി മാറ്റി തർജ്ജിമ ചെയ്യാതെ ഇംഗ്ലീഷ് ഭാഷയുടെ ബന്ധത്തിൽ ഉപയോഗിച്ച അതേ വാക്കാണ് അത് എന്നും നാം മനസ്സിലാക്കി. എന്തുകൊണ്ടു വലിയ പണ്ഡിതന്മാർ ആ വാക്കിനെ അങ്ങനെ കൈകാര്യം ചെയ്തു എന്നുള്ളത്, ദൈവത്തിനു മാത്രം അറിയാം. തീർച്ചയായും, ഈ പഠനം വചന പരിജ്ഞാനക്കുറവു കൊണ്ടു തർജ്ജിമ ചെയ്യുവാൻ തുനിഞ്ഞില്ല.

തിരുവെഴുത്തുകളുടെ പ്രാരംഭ ഇംഗ്ലീഷ് തർജ്ജിമയിൽ നിന്നുള്ള പരാജയം കേൾക്കുന്നത് ഒരുപക്ഷെ താല്പര്യമുള്ളതാകും. ഈ ഗ്രീക്കു വാക്കിനു തർജ്ജിമക്കാർ എന്തുകൊണ്ടു ഒരു നിസാരമായ ആംഗ്ലോ - സാക്സൺ വാക്ക് നല്കിയില്ല? മനുഷ്യ ഹൃദയ - രഹസ്യങ്ങളെ അറിയുകയും അവരുടെ പ്രവൃത്തികളുടെ കാരണങ്ങൾ സകല ഹൃദയങ്ങളേയും അറിയുന്നവൻ, അവരുടെ "ചുമരിൽ" എഴുതിയിരിക്കയും ചെയ്താൽ, അപ്പോൾ, നമുക്ക് മനസ്സിലാകും, ഞാൻ വിചാരിക്കുന്നത്, ലോകത്തിലെ നാമധേയ വിഭാഗത്തെ സംരക്ഷിക്കുവാൻ ഈ ഒരു ഇംഗ്ലീഷ് - ഗ്രീക്ക് വാക്കിനാൽ നാം ഇത്രയും വർഷങ്ങൾ ശിക്ഷിക്കപ്പെടുകയായിരുന്നു എന്ന്. അതിനെ കുറിച്ച് ഒന്നു ചിന്തിക്കുക: ആ വാക്കിന്റെ തർജ്ജിമ നമുക്ക് ഉണ്ടായിരുന്നു എങ്കിൽ, അതു ഇങ്ങനെ വായിക്കും,

> വിശ്വസിക്കയും മുങ്ങുകയും, നിമഞ്ജനം ചെയ്യുകയും, വെള്ളത്തിൽ ആഴ്ത്തുകയും, അല്ലെങ്കിൽ നിറഞ്ഞു കവിയുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും.

> ഇനി താമസിക്കുന്നത് എന്തിന്? എഴുന്നേറ്റു മുങ്ങി, നിമഞ്ജനം ചെയ്തു, അല്ലെങ്കിൽ വെള്ളത്തിൽ ആഴ്ത്തി, നിന്റെ പാപങ്ങൾ കഴുകിക്കളക.

> ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെ നാമത്തിൽ സകല ജാതികളെയും, മുക്കി, നിമഞ്ജനം ചെയ്തു, അല്ലെങ്കിൽ വെള്ളത്തിൽ ആഴ്ത്തി ശിഷ്യരാക്കിക്കൊൾവിൻ.
>
> മാനസാന്തരപ്പെട്ടു, യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളുടെ പാപമോചനത്തിനായി മുങ്ങി, നിമഞ്ജനം ചെയ്തു, അല്ലെങ്കിൽ – വെള്ളത്തിൽ ആഴ്ത്തിക്കൊൾവിൻ.

സ്നാനത്തിനു പകരമായി എടുക്കുന്ന "തളിക്കലും," "കോരി ഒഴിക്കലും'' എന്ന ഉപദേശത്തിനുവേണ്ടിയാണ്, എന്റെ, ഈ വെളിപ്പെടുത്തൽ! അവർക്കു എന്തു പ്രതിരോധമാണുള്ളത്? അതുകൊണ്ടാണോ ആ വാക്ക് തർജ്ജിമ ചെയ്യാതിരുന്നത്? തളിക്കലും കോരി ഒഴിക്കലും പരിശീലിക്കുന്ന ലോകത്തിലെ പ്രചാരത്തിലിരിക്കുന്നവരുടെ ഉപദേശം സംരക്ഷിക്കുവാനാണോ അത്? സത്യസന്ധരായ ആളുകൾ ഉത്തരം നല്കട്ടെ.

എങ്കിലും, ദൈവം മനുഷ്യരേക്കാൾ ബുദ്ധിമാൻ. എല്ലാ മത്സരത്തിലും അവൻ അവരെ കടന്നുപോയിട്ടുണ്ട്; എല്ലാ യുദ്ധത്തിലും അവൻ അവരെ പരാജയപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ രക്ഷകൻ ഉപയോഗിച്ച ഈ വാക്കിന് ഒരൊറ്റ തർജ്ജിമ പോലും തരുന്നതിൽ അവൻ പരാജയപ്പെട്ടെങ്കിലും, അതിന്റെ അർത്ഥം വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കിത്തരാൻ ദൈവത്തിനു സാധിച്ചു. കർത്താവിന്റെ രക്തത്തിലേക്കുള്ള ഒരു പടിയും ഒരു വാക്കിന്റെ അർത്ഥത്തെ ആശ്രയിച്ചല്ലാത്തതിനാൽ ദൈവത്തിനു സ്തോത്രം. യേശു മുഖാന്തരമുള്ള ജീവിതത്തിന്റെ ഈ ഉയർന്നവഴി പല രീതിയിൽ വ്യക്തമാക്കിയിട്ടുണ്ട്, അതുകൊണ്ടു ആളുകൾക്ക് ഒഴികഴിവില്ല. നമുക്കു അവന്റെ ഇഷ്ടം, അറിയണമെന്നുണ്ടെങ്കിൽ, നമുക്കറിയാം.

ഇനി, "ബാപ്റ്റൈസ്" എന്ന വാക്ക്, ഇംഗ്ലീഷിൽ ആക്കിയ ഗ്രീക്ക് വാക്കാണെന്നുള്ള വസ്തുത നമുക്ക് അറിയില്ല എന്നു വിചാരിക്കുക. നാം ഒരിക്കലും ഗ്രീക്ക് ഭാഷ കേട്ടില്ല എന്നും യേശു ഇംഗ്ലീഷ് അല്ലാതെ മറ്റൊന്നും സംസാരിച്ചിട്ടില്ല എന്നുമാണ് നാം മനസ്സിലാക്കിയതു എന്നു വിചാരിക്കുക: സ്നാനപ്പെടുവാൻ എന്തു ചെയ്യണം എന്നറിയുവാൻ നാം ആ വാക്കിന്റെ അർത്ഥം പഠിക്കുമോ? ഒരാൾക്ക് ഇംഗ്ലീഷിലുള്ള പുതിയ നിയമം എടുത്തു തന്റെ അനുസരണം ഉറപ്പുവരുത്തുവാൻ കഴിയുമോ? തീർച്ചയായും കഴിയും. ആദ്യമായി സ്നാനം കഴിപ്പിക്കുവാൻ സ്വർഗ്ഗത്തിൽ നിന്നും അയച്ച മനുഷ്യൻ യോഹന്നാൻ സ്നാപകർ ആയിരുന്നു. മറ്റു മനുഷ്യരേക്കാൾ ഏറ്റവും കൂടുതൽ പേരെ, അവൻ സ്നാനപ്പെടുത്തിയിരിക്കുവാൻ, സാധ്യതയും ഉണ്ട്. അവൻ ആദ്യം ആത്മാക്കളെ സ്നാനം കഴിപ്പിച്ചത് ചരിത്രപരമായ യോർദ്ദാൻ നദിയിൽ ആയിരുന്നു. തീർച്ചയായും, അനേകർ "ചെന്നു പാപങ്ങളെ ഏറ്റു പറഞ്ഞുകൊണ്ടു, യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം ഏറ്റു" (മത്തായി 3:6). കൂടാതെ, നാം വായിക്കുന്നു, "ആ കാലത്തു യേശു

ഗലീലയിലെ നസറേത്തിൽ നിന്നു വന്നു, യോർദ്ദാനിൽ വച്ച് യോഹന്നാനാൽ [*എയിസ്;* "ലേക്ക്"] സ്നാനം ഏറ്റു. വെള്ളത്തിൽ നിന്നു കയറിയപ്പോൾ, ആകാശം പിളരുന്നതും ആത്മാവു പ്രാവുപോലെ തന്റെ മേൽ വരുന്നതും കണ്ടു" (മർക്കൊസ് 1:9, 10). അപ്പോൾ, പിന്നെ, സംശയമില്ലാതെ പറയാം ആദ്യ സ്നാനം "ഒരു നദിയിൽ" ആയിരുന്നു; ആളുകൾ സ്നാനം ഏറ്റത് (*എയിസ്*) നദിയിൽ ആയിരുന്നു. യേശു വെള്ളത്തിൽ നിന്നു കയറി. ഈ വസ്തുതകൾ "തളിക്കൽ," "കോരി ഒഴിക്കൽ," അല്ലെങ്കിൽ "മുങ്ങൽ" ഇതിൽ ഏതിനോടാണ് യോജിക്കുന്നത് എന്നു ആത്മാർത്ഥതയുള്ളവർ തീരുമാനിക്കട്ടെ. അതിൽ ഏതായിരിക്കും? അതു തീരുമാനിക്കുവാൻ ദൈവം നിങ്ങൾക്കു വിട്ടു തരുന്നു. നിങ്ങൾ അവനെ എങ്ങനെ അനുസരിക്കണം എന്നതിനു ദൈവം ചിത്രങ്ങൾ വരച്ചു തന്നിട്ടുണ്ട്.

നമുക്ക് മറ്റൊരു ഉദാഹരണം പരിഗണിക്കാം:

> ഫിലിപ്പൊസ് ഈ തിരുവെഴുത്ത് ആധാരമാക്കി അവനോടു യേശുവിനെ കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി; അവർ ഇങ്ങനെ വഴിപോകയിൽ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ ഷണ്ഡൻ, ഇതാ വെള്ളം; ഞാൻ സ്നാനം ഏല്ക്കുന്നതിനു എന്തു വിരോധം എന്നു പറഞ്ഞു? അതിനു ഫിലിപ്പൊസ് നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നുത്തരം പറഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു. അങ്ങനെ അവൻ തേർ നിർത്തുവാൻ കല്പിച്ചു. ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു (പ്രവൃത്തികൾ 8:35-38).

മരുഭൂമിയിലെ വഴിയിൽ കൂടെ രണ്ടുപേർ തനിയെ നടന്നുപോകുന്ന സംഭവമാണ് ഇത്. നടന്നതു കാണാതിരിക്കുവാൻ അവിടെ ജനക്കൂട്ടത്തിന്റെ തടസ്സം ഇല്ലായിരുന്നു. ഉപദേഷ്ടാവു, തന്റെ കർത്തവ്യത്തിൽ വ്യാപൃതനായി കൂട്ടുകാരനോടു യേശുവിനെ പ്രസംഗിച്ചുകൊണ്ടിരുന്നു. അവർ തങ്ങളുടെ യാത്ര തുടർന്നു, പ്രസംഗം കേട്ട ആൾ - ഉപദേഷ്ടാവു അല്ല - ഇതാ വെള്ളം എന്നു പറഞ്ഞു. നിർമ്മര്യാദ എന്നു തോന്നുന്ന വിധത്തിൽ, ഉപദേഷ്ടാവിന്റെ ശ്രദ്ധയെ വെള്ളത്തിലേക്കു തിരിച്ചു, തനിക്കു സ്നാനം ഏറ്റാലെന്തെന്നു ചോദിച്ചു. തേർ നിർത്തി, രണ്ടുപേരും തേരിൽ നിന്നിറങ്ങി, "വെള്ളത്തിൽ ഇറങ്ങി." ഷണ്ഡൻ സ്നാനം ഏറ്റു, അവർ രണ്ടുപേരും - ഫിലിപ്പൊസും ഷണ്ഡനും - "വെള്ളത്തിൽ നിന്നു കയറി" വന്നു. "തളിക്കലോ" അല്ലെങ്കിൽ "കോരി ഒഴിക്കലോ" അല്ല നടന്നതെന്നു കാണുവാൻ സത്യസന്ധരായ ആളുകൾക്കു എത്ര സമയം ആ ചിത്ര ത്തിൽ നോക്കേണ്ടി വരും? പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ഈ ചിത്രം കണ്ടുകൊണ്ട്, ദൈവം ആഗ്രഹിച്ചതല്ലേ ആ മനുഷ്യൻ ചെയ് തതു, എന്നു മനസ്സിലായി കഴിഞ്ഞ ഹൃദയത്തിന് "തളിക്കൽ" അല്ലെ ങ്കിൽ "കോരി

ഒഴിക്കൽ" കൊണ്ട് തൃപ്തിപ്പെടുവാൻ സാധിക്കുമോ?

ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നമുക്കു നല്കിയിരിക്കുന്ന സ്നാനത്തിന്റെ കൂടുതൽ ചിത്രങ്ങൾ, നമുക്കു പരിശോധിക്കാം:

> ... അല്ല യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ അടക്കപ്പെട്ടു ... (റോമർ 6:3, 4).

> സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു (കൊലൊസ്യർ 2:12).

> നാം ദുർമ്മനസാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും, ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരും ആയി: വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക (എബ്രായർ 10:22).

പൗലൊസ് പറഞ്ഞത് താനും റോമാസഭയിലുള്ള എല്ലാവരും സ്നാനത്താൽ "അടക്കപ്പെട്ടു" എന്നാണ്. അവൻ കൊലൊസ്യയിലുള്ളവരോടും അവർ സ്നാനത്തിൽ "അടക്കപ്പെട്ടിരിക്കുന്നു" എന്നാണ് പറഞ്ഞത്. മെത്തേഡിസ്റ്റ് ചർച്ചിന്റെ സ്ഥാപകൻ, ജോൺ വെസ്‌ലി പറഞ്ഞു, റോമരുടെ ഈ വേദഭാഗത്തിൽ നിന്ന് പൗലൊസ് സൂചിപ്പിച്ചത് "പൂർവ്വികന്മാർ സ്നാനം മുങ്ങലായിട്ടാണ് എടുത്തിരുന്നത് എന്നത്രേ." എബ്രായലേഖകൻ സ്നാനത്തെ ഒരു കഴുകൽ ആയിട്ടാണ് വിവരിക്കുന്നത്.

ഈ വസ്തുതകളെ പുതിയ നിയമ സ്നാനവുമായുള്ള ബന്ധ ത്തിൽ ശ്രദ്ധയോടെ നമുക്ക് അവലോകനം ചെയ്തു പരിഗണിക്കാം:

1. ആദ്യ സ്നാനം നടന്നത് ഒരു നദിയിൽ ആയിരുന്നു.
2. യേശു സ്നാനം ഏറ്റതു യോർദ്ദാനിൽ ആയിരുന്നു.
3. യേശു സ്നാനശേഷം വെള്ളത്തിൽ നിന്നു കയറി വന്നു.
4. ഫിലപ്പൊസും ഷണ്ഡനും വെള്ളത്തിലേക്ക് ഇറങ്ങി.
5. ഷണ്ഡൻ വെള്ളത്തിൽ വെച്ചു സ്നാനം ഏറ്റു.
6. സ്നാനശേഷം ഫിലിപ്പൊസും ഷണ്ഡനും വെള്ളത്തിൽ നിന്നു കയറി വന്നു.
7. പൗലൊസു പറഞ്ഞതു, താനും റോമാ ഇടവകയിലെയും കൊലൊസ്യ ഇടവകയിലെയും എല്ലാവരും, സ്നാനത്താൽ, മുഖാന്തരം അല്ലെങ്കിൽ സ്നാനത്തിൽ, അടക്കപ്പെട്ടു എന്നാണ്.

8. എബ്രായ സഹോദരന്മാർ എല്ലാവരും ശുദ്ധവെള്ളത്താൽ അവരുടെ ശരീരങ്ങൾ കഴുകപ്പെട്ടു എന്നു പറയപ്പെടുന്നു.

ഗ്രീക്ക് ആണെങ്കിലും അല്ലെങ്കിലും, പുതിയ നിയമ ഉപദേഷ്ടാക്കന്മാരും അദ്ധ്യാപകരും ആളുകളെ സ്നാനപ്പെടുത്തിയപ്പോൾ ചെയ്തത് എന്താണെന്ന് ആത്മാർത്ഥതയുള്ളവർക്കു കാണുവാൻ കഴിയും. ആയിരത്തിമുന്നൂറു വർഷങ്ങളോളം സ്നാനം മുങ്ങൽ ആയിട്ടായിരുന്നു സർവ്വ ലോകത്തിലും പരിശീലിച്ചിരുന്നതെന്ന് ഓർക്കുക; സ്നാനത്തിനു മറ്റൊന്നെങ്കിലും എടുത്തിരുന്നില്ല. സ്നാന വിഷയത്തെ സംബന്ധിച്ചു ആയിരത്തിലധികം വർഷങ്ങളോളം ക്രിസ്തീയ ലോകം ഐകമത്യപ്പെട്ടിരുന്നു എന്നതിനാൽ, ബുദ്ധിയുള്ളവർക്കു അതു മാറ്റം വരുത്തിയതാണെന്നു കാണാം. തീർച്ചയായും, ആയിരം വർഷത്തേക്കു ലോകത്ത് ഒരിടത്തും ആ വാക്കിന്റെ അർത്ഥം നഷ്ടമായില്ല; തീർച്ചയായും ദൈവശ്വാസിയ പുരുഷന്മാർ ആ കല്പന അങ്ങനെ തന്നെ അനുസരിച്ചിരുന്നു. ഞാൻ ഈ കാര്യം ആത്മാർത്ഥതയുള്ളവർക്കു വിടുകയാണ്. ഈ ചർച്ചാ ചോദ്യത്തിൽ നമ്മൾ ഒന്നായിരിക്കുമോ? യേശു അതിന് അഭ്യർത്ഥിക്കുന്നു, പരിശുദ്ധാത്മാവു അതിന് അപേക്ഷിക്കുന്നു, അപ്പൊസ്തലിക യുഗത്തിലെ എല്ലാ ഉപദേശവും അതു ആവശ്യപ്പെടുന്നു. നാം യേശുവിനെ കരുതി, സത്യം പരിശോധിച്ചു സ്വീകരിക്കുമോ?

© 2009 Truth for Today